**കേരള സർക്കാർ**

നം. 1604/ഐ.എ1/12/തസ്വഭവ

തദ്ദേശ സ്വയംഭരണ വകുപ്പ്
തിരുവനന്തപുരം, തീയതി, 10/01/2012

**<u>സർക്കുലർ</u>**

വിഷയം: തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - സംഘടനാ തെരഞ്ഞെടുപ്പ് - മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് സംബന്ധിച്ച്

പരാമർശം:
1. 08/08/2008 ലെ സ.ഉ. (പി) നമ്പർ 222/08/തസ്വഭവ
2. 13/10/2008 ലെ സ.ഉ. (പി) നമ്പർ 272/08/തസ്വഭവ
3. 05/08/2011 ലെ സ.ഉ. (പി) നമ്പർ 169/11/തസ്വഭവ
4. 24/09/2011 ലെ സ.ഉ. (പി) നമ്പർ 228/11/തസ്വഭവ
5. 24/10/2011 ലെ സ.ഉ. (പി) നമ്പർ 268/11/തസ്വഭവ
6. 27/12/2011 ലെ സ.ഉ. (പി) നമ്പർ 324/11/തസ്വഭവ
7. 04/01/2012 ലെ സ.ഉ. (പി) നമ്പർ 07/12/തസ്വഭവ
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07/01/12 ലെ കെ. എസ്./എം/7375/08 നമ്പർ കുറിപ്പ്

കുടുംബശ്രീ ത്രിതല സംഘടനാതെരഞ്ഞെടുപ്പിനെ സംബന്ധിച്ചുള്ള ബൈലോ വ്യവസ്ഥകളിലും, തെരഞ്ഞെടുപ്പ് മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങളിലും സ്പഷ്ടീകരണം ആവശ്യമായി വന്നിട്ടുള്ളതായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 8 പ്രകാരം സർക്കാരിനെ അറിയിച്ചു. കുടുംബശ്രീ സംഘടനാ തെരഞ്ഞെടുപ്പ് സുഗമമായി പൂർത്തീകരിക്കുന്നതിന് റിട്ടേണിംഗ് ഓഫീസർമാർക്ക് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ നൽകുന്നു: -

1. ബൈലോയും അനുബന്ധ ചട്ടവും പ്രകാരം സർക്കാരിൽ നിന്നും സ്ഥിര വരുമാനമോ ഹോണറേറിയമോ കൈപ്പറ്റുന്നവർ എഡിഎസ്/സിഡിഎസ് ഭാരവാഹി സ്ഥാനങ്ങളിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹരല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരക്കാരെ തെരഞ്ഞെടുക്കപ്പെടാൻ അനുവദിക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഏതെങ്കിലും തരത്തിൽ ഇത്തരക്കാർ ഭാരവാഹി സ്ഥാനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത്തരക്കാർ ഏതെങ്കിലും ഒരു സ്ഥാനം രാജിവയ്ക്കേണ്ടതാണ്. (പുതിയതായിട്ടുള്ള ഭാരവാഹി സ്ഥാനമോ, നിലവിലുള്ളതോ)

2. തെരഞ്ഞെടുപ്പ് നടത്തുന്ന സ്ഥലങ്ങളിൽ സ്ത്രീകൾക്ക് നിർഭയമായി തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്. ഇതിനാവശ്യമായ സ്ഥലം സിഡിഎസ് തെരഞ്ഞെടുപ്പിനായി കണ്ടെത്തേണ്ടതാണ്.
3. തെരഞ്ഞെടുപ്പ് നടത്തുന്ന സ്ഥലങ്ങളിൽ സ്ത്രീകൾക്ക് ഇരിപ്പിടം നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
4. ആവശ്യമുള്ള പക്ഷം തെരഞ്ഞെടുപ്പ് പൊതുയോഗ സ്ഥലത്ത് ഉച്ചഭാഷിണി സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
5. തെരഞ്ഞെടുപ്പ് നടക്കുമ്പോൾ വോട്ടർമാരല്ലാതെ മറ്റാരെയും അകത്തേയ്ക്ക് കടത്തിവിടാൻ പാടില്ല. (എ.ആർ.ഒ., ആർ.ഒ. വോട്ടർമാർ ഒഴികെ)
6. തെരഞ്ഞെടുപ്പ് പൊതുയോഗം നടക്കുന്ന സ്ഥലത്തുനിന്നും 100 മീറ്റർ പരിധിക്കപ്പുറത്തേയ്ക്ക് പുറത്തുനിന്നുള്ളവരെ അകറ്റി നിർത്തേണ്ടതാണ്.
7. തെരഞ്ഞെടുപ്പ് ഹാളിൽ ആരും മൊബൈൽ ഫോൺ ഉപയോഗി ക്കാൻ പാടുള്ളതല്ല.

മുകളിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും കാര്യങ്ങൾ നടപ്പാക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്ന പക്ഷം പോലീസ് സംരക്ഷണം ലഭ്യമാക്കേണ്ടതാണ്.

മേൽ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

**സുരേഷ്കുമാർ. വി. എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ,
കുടുംബശ്രീ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പോലീസ് ആസ്ഥാനം മുഖാന്തിരം)
എല്ലാ കുടുംബശ്രീ തെരഞ്ഞെടുപ്പ് വരണാധികാരികൾക്കും
(കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ, കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**